ദ്യോഗസ്ഥന്മാരുടെമേൽ ആരോപണങ്ങളുടങ്ങിയ മേൽപറഞ്ഞ പരാതികളെപ്പറ്റി അന്വേഷണം നടത്തേണ്ടതില്ല. എന്നു് സമ്മതിക്കുകയുണ്ടായി. അതിനാൽ ഈ കാര്യത്തിൽ വേറെ നടപടികൾ ഒന്നും കൈക്കൊണ്ടിട്ടില്ല.

കുറ്റം ആരോപിക്കപ്പെട്ടിട്ടുള്ള പോലീസ് ഉദ്യോഗസ്ഥന്മാരുടെ പേരുവിവരം അടങ്ങിയ † ലിസ്റ്റ് ഈ സംബന്ധമായി ചേർത്തിട്ടുണ്ടു്.

ചോദ്യത്തിൽ പ്രസ്താവിച്ചിട്ടുള്ളമാതിരി ഒരു പോലീസ് ഉദ്യോഗസ്ഥനും ബഹുമതിമുദ്ര നൽകിയിട്ടില്ല.

(ബി) ഇല്ല. പോലീസു് അവിടെ അക്രമം നടത്തിയെന്നു് ഗവണ്മെൻറിനു ബോദ്ധ്യമില്ല.

(സി) പോലീസു് വെടിവച്ചതിൻെറ ഫലമായി മരിച്ച നാലു ആളുകളുടെ ബന്ധുക്കൾക്കു് അഞ്ഞൂറു രൂപ വീതം നഷ്ടപരിഹാരം നൽകി. അവരുടെ പേരുവിവരങ്ങൾ ചേർത്തിട്ടുണ്ടു്.

1. അസനാരുപിള്ള പീരുമുഹമ്മദു്, പൈങ്കുളം പകുതി.
2. നാഗർപിള്ള ചെല്ലപ്പൻപിള്ള, കുന്നത്തൂർ പകുതി.
3. രാമലിംഗം, നട്ടാലം പകുതി.
4. പപ്പുപ്പണിക്കർ, നല്ലൂർ ദേശം, നല്ലൂർ പകുതി.

മൂന്നു പേർക്കു് കൊടുക്കാൻ ഉദ്ദേശിക്കുന്നു.

1. അമ്പുടയാൻ അരുളപ്പൻ, ആറുദേശം പകുതി.
2. നാടാൻകുട്ടി കോരൻ, കുന്നത്തൂർ പകുതി.
3. പൊന്നയ്യൻ, ആറ്റൂർ പകുതി.

തമിഴ്നാട്ടുകേസുകൾ.

* 720. [9] ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പോലീസുപ്രധാനമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐക്യതമിഴകപ്രക്ഷോഭണം സംബന്ധിച്ചു് തെക്കൻതിരുവിതാംകൂറിലെ ജനങ്ങളുടെ പേരിൽ എടുത്ത കേസുകൾ പിൻവലിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടിയെടുക്കുമോ ;

(ബി) ഇതുവരെയും ആ കേസുകൾ പിൻവലിക്കാതിരിക്കുന്നതിനു് കാരണമെന്തെന്നു് പറയുമോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ & ബി) 1954 ആഗസ്റ്റിലെ തമിഴ്നാടു് പ്രക്ഷോഭണം സംബന്ധിച്ചുള്ള എല്ലാ കേസുകളും പിൻവലിക്കുവാൻ തീരുമാനിച്ചിട്ടുണ്ടു്.

തീരദേശത്തെ ക്ഷാമം.

* 721. [10] ശ്രീ. ആർ. പ്രകാശം : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതിക്ഷോഭംമൂലം മൽസ്യത്തൊഴിലാളികൾക്കു് നേരിട്ടിരിക്കുന്ന കഷ്ടപ്പാടിനെ ദൂരീകരിക്കാൻ എന്തു ഒരിതാശ്വാസനടപടിയാണു് ഗവണ്മെൻറു് സ്വീകരിച്ചിട്ടുള്ളതു് ;

† Please see Appendix III.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തീരദേശത്തു് ബാധിച്ചിരിക്കുന്ന കൊടുംക്ഷാമത്തിനു് നിവാരണമായി സൗജന്യറേഷൻ നൽകാൻ ഗവണ്മെൻറു് ആലോചിക്കുന്നുണ്ടോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൻ) :

(എ) പ്രകൃതിക്ഷോഭംമൂലം കഷ്ടനഷ്ടങ്ങളുണ്ടാകുന്നതായി തെളിയുന്ന മൽസ്യത്തൊഴിലാളികൾക്കു് സഹായധനം കൊടുക്കുന്നുണ്ടു്.

(ബി) തീരദേശത്തു് കൊടുംക്ഷാമം ഇപ്പോൾ നിലവിലുള്ളതായി അറിവില്ല.

എംപ്ലായ്മെൻറു് എക്സ്ചേഞ്ചു്.

* 722. [11] ശ്രീ. കുട്ടപ്പൻ കോയിക്കൽ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ–കൊച്ചിയിൽ എംപ്ലായ്മെൻറു് എക്സ്ചേഞ്ചു് മുഖേന ഏതെല്ലാം തൊഴിലുകളിലേക്കാണു് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതു് ;

(ബി) 1955–ൽ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ടു് ; ഇവരിൽ എത്ര പേർക്കു് ജോലി നൽകിയിട്ടുണ്ടു് ; ഏതെല്ലാം തൊഴിലുകളിൽ ;

(സി) കമ്മ്യൂണിറ്റിപ്രോജക്ടുകൾ, വികസനപദ്ധതികൾ, ഇവകളിൽ ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതു എംപ്ലായ്മെൻറു് എക്സ്ചേഞ്ചു വഴിയാണോ; അല്ലെങ്കിൽ എന്തുകൊണ്ടു് ;

(ഡി) ചവറ മണൽകമ്പനികളിൽ ജോലി നൽകുന്നതു് എംപ്ലായ്മെൻറു് എക്സ്ചേഞ്ചിൽ പേരു രജിസ്റ്റർ ചെയ്യുവർക്കാണോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) കമ്മിഷണർ പോലീസ് ആഫീസിലേയും കൺട്രോളർ ആഫീസിലേയും ക്ലാസ് III ഉദ്യോഗങ്ങൾ ഒഴികെ കേന്ദ്രഗവണ്മെൻറിൻറെ നമ്മുടെ സംസ്ഥാനത്തുള്ള എല്ലാ ആഫീസുകളിലേക്കും മൂന്നും നാലും ക്ലാസുകളിൽപ്പെട്ട ഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുക്കുന്നതു് എംപ്ലായ്മെൻറു് എക്സ്ചേഞ്ചു് വഴിയാണു്.

2. പബ്ലിക് സർവ്വീസ് കമ്മീഷൻറെ നിയമനപരിധിക്കു പുറമെ സ്റ്റേറ്റ് സർവ്വീസിലുള്ള എല്ലാ ഒഴിവുകളും മറുപാർശ്വക്ഷന്മാർ സാധാരണയായി എക്സ്ചേഞ്ചിലേക്കു റിപ്പോർട്ടു് ചെയ്യാറുണ്ടു്.

3. റബ്ബർ, ടൈറാനിയം, മോണോസൈറ്റ് തുടങ്ങി ഗവണ്മെൻറു് ഉടമയിൽ നടത്തുന്ന കമ്പനികളും ഒഴിവുകൾ വരുമ്പോൾ എക്സ്ചേഞ്ചിലേക്കു റിപ്പോർട്ടു ചെയ്യാറുണ്ടു്.

(ബി) 1955–ൽ ജൂലൈ 31-ാംതീയതിവരെ രജിസ്റ്റർ ചെയ്തവർ 22567.

1955–ൽ ജൂലൈ 31–ാംതീയതിവരെ ഉദ്യോഗം ലഭിച്ചവർ 3139 കേന്ദ്രഗവണ്മെൻറു് സർവ്വീസിലും, സ്റ്റേറ്റ് ഗവണ്മെൻറു് ഡിപ്പാർട്ടുമെൻറുകളിലും ഗവണ്മെൻറിനു മുതൽ മുടക്കുള്ള കമ്പനികളിലും.

LIBRARY ARCHIVES Kerala Legislative Assembly